Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2024/1515-13 (11)

തീയതി : 30.09.2024

**സർക്കുലർ**

വിഷയം:- കൈറ്റ് - ഹൈടെക് സ്കൂൾ - ഹൈടെക് ലാബ് പദ്ധതികൾ പ്രകാരം സ്കൂളുകൾക്ക് നൽകിയ ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവയുടെ AMC സൗകര്യം പ്രയോജനപ്പെടുത്തുന്നതിനുള്ള യൂസർ ഐഡി ഏകീകരിച്ച് നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു

സൂചന:- കൈറ്റിന്റെ 25.08.2023-ലെ KITE/2023/1515-13(2), 27.04.2024 ലെ KITE/2024/1515-13(4), 30.08.2024-ലെ KITE/2024/1631(2) എന്നീ നമ്പർ സർക്കുലറുകൾ

സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് സ്കൂൾ പദ്ധതി പ്രൈമറി വിഭാഗം സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് ലാബ് പദ്ധതി എന്നിവകൾ പ്രകാരം കൈറ്റ് വിതരണം ചെയ്ത ലാപ്ടോപ്പുകൾ, പ്രൊജക്ടറുകൾ എന്നിവയുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്താൻ Annual Maintenance Contract (AMC) ഏർപ്പെടുത്തിയിട്ടുണ്ട്. AMC പരിധിയിലുള്ള ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവയ്ക്ക് ഏതെങ്കിലും വിധത്തിലുള്ള പ്രവർത്തന തകരാർ സംഭവിച്ചാൽ പരാതി kite.kerala.gov.in/support പോർട്ടലിൽ Login for AMC എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യുന്നതിനും ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നതിനും അതത് സ്കൂൾ പ്രഥമാധ്യാപകർക്ക് നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് എന്നീ രണ്ട് പദ്ധതികളിലും നൽകിയിരുന്ന ഉപകരണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് രണ്ട് യൂസർ നെയിമും പാസ്‌വേഡുമാണ് നിലവിൽ സ്കൂളുകൾ ഉപയോഗിക്കുന്നത്. ഉപകരണങ്ങളുടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനായി ഒന്നിലധികം യൂസർ ഐഡി ഉപയോഗിക്കുന്നത് പ്രയാസം നേരിടുന്നതായി ധാരാളം സ്കൂൾ അധികൃതർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ പ്രകാരം കൈറ്റ് സ്കൂളുകൾക്ക് നൽകിയ AMC യിൽ ഉൾപ്പെടുത്തിയ ലാപ്ടോപ്പ്, പ്രൊജക്ടർ എന്നീ ഉപകരണങ്ങൾക്ക് പരാതികൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് സ്കൂൾ പ്രഥമാധ്യാപകർ നിർബന്ധമായും പരാതി kite.kerala.gov.in/support പോർട്ടലിൽ Login for AMC എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. **ഇനി മുതൽ AMC യിൽ പരാതി രജിസ്റ്റർ ചെയ്യുന്നതിന് പത്താംക്ലാസ് വരെയുള്ള സ്കൂളുകൾ 'സമ്പൂർണ' ലോഗിനും ഹയർസെക്കന്ററി സ്കൂളുകൾ hscap ലോഗിനും വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകൾ vhscap ലോഗിനും ഉപയോഗിക്കേണ്ടതാണ്.**

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേയ്ക്ക്
എല്ലാ ആർ.ഡി.ഡി./എ.ഡി.മാർക്കും
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർ/മാസ്റ്റർ ട്രെയിനർമാർക്കും
സ്റ്റോക് ഫയൽ